**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:** 1713 **16-3-2015 ലെ മറുപടിയ്ക്ക്**

**ആലപ്പുഴ നഗരത്തിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ**

| ചോദ്യം<br>ശ്രീ.എ.എം. ആരിഫ് | | മറുപടി<br>ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | ആലപ്പുഴ നഗരത്തിൽ കനാൽക്കരയിലും റോഡരികിലുമായി നഗരസഭയുടെ എത്ര കടമുറികളാണ് നിലവിലുള്ളതെന്നും അവ എവിടെല്ലാമെന്നും വ്യക്തമാക്കുമോ; | (എ) | 315. ടൗൺഹാൾ, ഷോപ്പിംഗ് കോംപ്ളക്സ്, മെഡിക്കൽ കോളേജ്, സത്രം, ലൈബ്രറി ഷോപ്പിംഗ്കോംപ്ളക്സ്, നഗരചത്വരം,ജെട്ടി ഷോപ്പിംഗ് കോംപ്ളക്സ്, വെജിറ്റബിൾ ഷോപ്പിംഗ്കോംപ്ളക്സ്, കാഞ്ഞിരംചിറ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ളക്സ്, ഇ.എം.എസ് ഷോപ്പിംഗ് കോംപ്ളക്സ്, സിഡിഎസ് വനിതാശ്രീ കെട്ടിടത്തിലെ കടമുറികൾ, കിയോസ്കുകൾ എന്നീ പ്രധാനപ്പെട്ട ഷോപ്പിംഗ് കോംപ്ളക്സുകളിലാണ് ടി മുറികൾ നിലവിലുള്ളത് |
| (ബി) | നിർമ്മാണം പൂർത്തിയായിട്ടും കൈമാറ്റം ചെയ്യപ്പെടാത്തവ എത്രയാണെന്നും ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ; | (ബി) | ഇ.എം.എസ് സ്റ്റേഡിയത്തിലെ കടമുറികൾ.കടമുറികളുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ് |
| (സി) | കടമുറികൾ കൈമാറുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (സി) | അതാതു കാലഘട്ടങ്ങളിൽ കൗൺസിൽ അംഗീകരിച്ച ലേല വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് കടമുറികൾ ഏൽപ്പിച്ചു നൽകുന്നത് |
| (ഡി) | ആലപ്പുഴ ബീച്ചിലുള്ള കെട്ടിടം ഇന്ത്യൻ കോഫീ ഹൗസിന് നൽകിയത് എന്തെല്ലാം വ്യവസ്ഥകളോടെയാണ്; എന്നു മുതൽ എന്നു വരെയാണ് കരാർ കാലാവധി വിശദമാക്കുമോ? | (ഡി) | നിലവിലെ ലേല വ്യവസ്ഥകൾക്ക് വിധേയമായി ഒരു വർഷത്തേക്കാണ് ലേല വ്യവസ്ഥയിൽ കെട്ടിടം നൽകിയത്. നിശ്ചിത തുക ഡെപ്പോസിറ്റും പ്രതിമാസ വാടകയും ഈടാക്കിയാണ് ടി കെട്ടിടം ലൈസൻസ് വ്യവസ്ഥയിൽ നൽകിയി |

| | | | |
|---|---|---|---|
| | | | ട്ടുള്ളത് ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെയുള്ള കാലഘട്ടത്തിലേയ്ക്കാണ് കരാർ കാലാവധി അനുവദിക്കുന്നത് |

സെക്ഷൻ ഓഫീസർ